## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3217 10/12/2018-ൽ മറുപടിയ്ക്ക്

## കൊട്ടാരക്കര എയ്ഡഡ് സ്കൂളുകൾക്കുള്ള ചലഞ്ച് ഫണ്ട്

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | | | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നിന്നും എത്ര എയ്ഡഡ് സ്കൂളുകൾ ചലഞ്ച് ഫണ്ട് ലഭിക്കുന്നതിനായി മാസ്റ്റർ പ്ലാൻ സമർപ്പിച്ചിരുന്നു എന്നും അവ ഏതെല്ലാം സ്കൂളുകൾ ആണെന്നും വിശദമാക്കുമോ; | (എ) | എസ്.കെ.വി.വി.എച്ച്.എസ്.എസ്, തൃക്കണ്ണമംഗൽ സ്കൂളാണ് ചലഞ്ച് ഫണ്ടിനായി പ്രൊപ്പോസൽ നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഓരോ സ്കൂളിലും അനുവദിക്കുന്ന തുകയുടെ വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. ഓരോ സ്കൂളും സമർപ്പിക്കുന്ന എസ്റ്റിമേറ്റിന് ആനുപാതികമായി 50% തുക (പരമാവധി ഒരു കോടി രൂപ വരെ) സർക്കാർ നൽകുന്നതാണ്. ഭരണാനുമതി പുറപ്പെടുവിച്ച ശേഷം നിബന്ധനകൾ പാലിക്കുന്ന സ്കൂളുകൾക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത സ്കൂളുകളിൽ ഏതെങ്കിലും സ്കൂളുകൾ സർക്കാർ വിഹിതത്തിന് തുല്യമായ തുക ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ട്രഷറിയിൽ തുക നിക്ഷേപിച്ചിട്ടില്ല. |

Reena

സെക്ഷൻ ഓഫീസർ